പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1539 **16-10-2026-ൽ മറുപടിയ്ക്ക്**

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. കെ. ഹരീന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സർവ്വകലാശാലയുടെ വികസനം ഉറപ്പാക്കുന്നതിനുമായി നിലവിലെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും സ്വയംപര്യാപ്തത ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും കോളേജ് പഠനത്തോടൊപ്പം ജോലിചെയ്യുന്നതിനുതകുന്ന തരത്തിലാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പഠനക്രമീകരണം. വിദൂര വിദ്യാഭ്യാസ/ഓൺലൈൻ മോഡിൽ പഠനം നടത്തുന്ന പഠിതാക്കൾക്ക് ഒരേ സമയം ഒന്നിലധികം ഡിഗ്രി പ്രോഗ്രാമുകൾ (Dual Degree) ചെയ്യാവുന്നതാണ്. പഠനത്തോടൊപ്പം ജോലി ചെയ്യുന്നതിനാവശ്യമായ Earn While You Learn എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ആധുനിക സാങ്കേതിക മേഖലകൾക്ക് അനുയോജ്യമായ രീതിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ), ഡാറ്റാ സയൻസ് മേഖലകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കോഴ്സുകൾ പരിഷ്കരിക്കുവാനും തൊഴിൽ സാധ്യതകളുള്ള പുതിയ കോഴ്സുകൾ ഓരോ വർഷവും ആരംഭിക്കുവാനും നടപടിയെടുത്തു വരുന്നുണ്ട്.

Learners employability വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാരിന്റെ Ministry of Education-പദ്ധതിയായ BOAT (Board of Apprenticeship Training) by providing paid Apprenticeship സർവകലാശാലയിൽ നടപ്പാക്കിയിട്ടുണ്ട്. പഠിതാക്കൾക്കായി Career Development & Placement Cell സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ Interactive learning-നായി Online Interactive platform ആയ ഡിജി ഗുരു (DIGI GURU) സംവിധാനം നടപ്പാക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ പഠിതാക്കൾക്ക് വീട് വച്ചുനൽകുന്ന 'ഒപ്പം' പദ്ധതിയുടെ ഭാഗമായി ഇതിനോടകം 15-ഓളം വീടുകൾ നിർമ്മിച്ചുനൽകി. സംസ്ഥാനത്തെ ജയിൽ അന്തേവാസികളുടെ തുടർപഠനം ലക്ഷ്യമിട്ടുള്ള 'സമന്വയ' പദ്ധതി സർവകലാശാല വിജയകരമായി നടപ്പാക്കിവരുന്നു. ഇ-ഗ്രാന്റ്സ്, ഫിഷറീസ് ഇ-ഗ്രാന്റ്സ്, ശ്രീ നാരായണഗുരു മെറിറ്റ് സ്കോളർഷിപ്പ് എന്നിവയും പഠിതാക്കൾക്കായി സർവകലാശാല നൽകിവരുന്നു.

(ബി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് സ്ഥിരം ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തൽ, ഭരണാനുമതി, സാങ്കേതികാനുമതി, ധനവിനിയോഗം എന്നിവ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും ഉദ്ദേശിക്കുന്ന സമയക്രമം വ്യക്തമാക്കാമോ;

<u>മറുപടി:</u> ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിൽ നിന്നുള്ള സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 302/2026/P&EA തീയതി 21.07.2026 പ്രകാരം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ അക്കാദമിക് ബ്ലോക്കിന്റെയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും നിർമ്മാണത്തിനായി 90 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർ നടപടികൾ കൈകൊണ്ട് വരുന്നു.

(സി) നിലവിൽ സർവ്വകലാശാലയിൽ നടത്തിവരുന്ന ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളുടെ എണ്ണം, വിഷയങ്ങൾ, ഓരോ കോഴ്സിനും നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം എന്നിവ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ; കൂടുതൽ വിഷയങ്ങളിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാല സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> സർവ്വകലാശാലയിൽ നിലവിൽ 17 ബിരുദ കോഴ്സുകളും 14 ബിരുദാനന്തര ബിരുദ കോഴ്സുകളും ഉൾപ്പെടെ ആകെ 31 കോഴ്സുകൾ നടത്തിവരുന്നു. ഈ കോഴ്സുകളിലായി ആകെ ഒരു ലക്ഷത്തോളം പഠിതാക്കൾ നിലവിൽ പഠനം നടത്തുന്നു. കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

കൂടുതൽ വിഷയങ്ങളിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നിലവിൽ സർവ്വകലാശാല നിർദ്ദേശങ്ങൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്തെ എല്ലാ വിഭാഗം പഠിതാക്കൾക്കും പ്രത്യേകിച്ച് ജോലി ചെയ്യുന്നവർക്കും പഠനം ഇടയ്ക്ക് നിർത്തിയവർക്കും ഉന്നതവിദ്യാഭ്യാസം നേടുന്നതിനും തുടർപഠനത്തിനും കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി സർവ്വകലാശാലയുടെ ലേണർ സപ്പോർട്ട് സെന്ററുകൾ, ഡിജിറ്റൽ പഠന സൗകര്യങ്ങൾ, അക്കാദമിക അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> സംസ്ഥാനം മുഴുവൻ ഭൂപ്രദേശ പരിധിയുള്ള ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിലവിൽ 5 റീജിയണൽ കേന്ദ്രങ്ങളിലൂടെയും അവയ്ക്ക് കീഴിലുള്ള 79 LSC (Learner Support Centre)കളിലൂടെയും ഒരു ലക്ഷത്തിൽപരം പഠിതാക്കൾ 31 ബിരുദ ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലായി പഠനം പൂർത്തിയാക്കി വരുന്നു. ആധുനിക കാലഘട്ടത്തിനനുസൃതമായ രീതിയിൽ തയ്യാറാക്കിയ പഠനസാമഗ്രികൾ പഠിതാക്കൾക്ക് നേരിട്ട് പോസ്റ്റ് വഴി ലഭ്യമാക്കുന്നു. കൂടാതെ പഠിതാക്കൾക്കുള്ള ഓൺലൈൻ ക്ലാസ്സുകൾക്ക് പുറമേ online Interactive platform ആയ ഡിജിഗുരു (DIGI GURU) സംവിധാനം നടപ്പാക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. അതോടൊപ്പം പഠിതാക്കൾക്കായി ' Exam on Demand', On-Screen Valuation, Open Text Book Examination എന്നീ പദ്ധതികളും Job oriented skill based programmes -ഉം ആവിഷ്കരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

ക്രമ നം.	കോഴ്സ്	വിഭാഗം	വിദ്യാർത്ഥികളുടെ എണ്ണം
1	ബി.എ. സോഷ്യോളജി	ബിരുദം	19,217
2	ബി.കോം	ബിരുദം	9,241
3	ബി.എ. ഇംഗ്ലീഷ്	ബിരുദം	8,816
4	ബി.എ. ഹിസ്റ്ററി	ബിരുദം	7,705
5	ബി.എ. അറബിക്	ബിരുദം	6,833
6	ബി.എ. മലയാളം	ബിരുദം	5,741
7	ബി.ബി.എ.	ബിരുദം	4,370
8	ബി.എ. പൊളിറ്റിക്കൽ സയൻസ്	ബിരുദം	2,134
9	ബി.സി.എ.	ബിരുദം	1,529
10	ബി.എ. ഇക്കണോമിക്സ്	ബിരുദം	1,316
11	ബി.എ. സൈക്കോളജി	ബിരുദം	1,267
12	ബി.എ. ഹിന്ദി	ബിരുദം	1,024
13	ബി.എ. അഫ്സൽ-ഉൽ-ഉലമ	ബിരുദം	926
14	ബി.എ. ഫിലോസഫി	ബിരുദം	364
15	ബി.എ. നാനോ എന്റർപ്രണർഷിപ്പ്	ബിരുദം	236
16	ബി.എസ്സി. ഡാറ്റാ സയൻസ് ആൻഡ് അനലിറ്റിക്സ്	ബിരുദം	193
17	ബി.എ. സംസ്കൃതം	ബിരുദം	180
	ബിരുദ കോഴ്സുകൾ – ആകെ		**71,092**
18	എം.എ. മലയാളം	ബിരുദാനന്തര ബിരുദം	5,119
19	എം.എ. ഇംഗ്ലീഷ്	ബിരുദാനന്തര ബിരുദം	4,281
20	എം.എ. സോഷ്യോളജി	ബിരുദാനന്തര ബിരുദം	3,609
21	എം.കോം	ബിരുദാനന്തര ബിരുദം	3,591
22	എം.എ. ഹിസ്റ്ററി	ബിരുദാനന്തര ബിരുദം	2,852
23	എം.എ. ഇക്കണോമിക്സ്	ബിരുദാനന്തര ബിരുദം	1,308
24	എം.എ. അറബിക്	ബിരുദാനന്തര ബിരുദം	1,139
25	എം.എ. ഹിന്ദി	ബിരുദാനന്തര ബിരുദം	873
26	എം.എ. പൊളിറ്റിക്കൽ സയൻസ്	ബിരുദാനന്തര ബിരുദം	741
27	എം.ബി.എ.	ബിരുദാനന്തര	616

ക്രമ നം.	കോഴ്സ്	വിഭാഗം	വിദ്യാർത്ഥികളുടെ എണ്ണം
		ബിരുദം	
28	എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ	ബിരുദാനന്തര ബിരുദം	557
29	എം.എ. ഫിലോസഫി	ബിരുദാനന്തര ബിരുദം	268
30	എം.എ. സംസ്കൃതം	ബിരുദാനന്തര ബിരുദം	263
31	എം.സി.എ.	ബിരുദാനന്തര ബിരുദം	137
	ബിരുദാനന്തര ബിരുദ കോഴ്സുകൾ – ആകെ		**25,354**
	മൊത്തം		**96,446**